<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ:എം.അഞ്ജന.ഐ.എ.എസ്)

ഉത്തരവ് നം. SJD/2345/2022-E1

തിരുവനന്തപുരം,
തീയതി. 10/06/2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.ജീവനക്കാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ

സാമൂഹ്യനീതി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെ 18 തസ്തികയാണ് നിലവിലുള്ളത്. ആയതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള ലോവർ ഡി .പി.സി യോഗം ചേരുന്നതിനുള്ള നടപടി വകുപ്പിൽ സ്വീകരിച്ച് വരുകയാണ്. ഈ ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ജീവനക്കാരിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷകൾ പരിഗണിച്ച് സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ/<br>ജീവനക്കാരിയുടെ പേര് തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട<br>ജീവനക്കാരന്റെ/<br>ജീവനക്കാരിയുടെ പേര്<br>തസ്തിക കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി.ശ്രീജ ചന്ദ്രൻ<br>സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കൊല്ലം | സീനിയർ സൂപ്രണ്ട് സാമൂഹ്യനീതി ഡയറക്ടറേറ്റ് | ശ്രീ.പ്രദീപ് കുമാർ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കൊല്ലം |
| 2 | ശ്രീമതി.ജോയ്സി സ്റ്റീഫൻ<br>സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കാസർഗോഡ് | സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് തൃശ്ശൂർ | ശ്രീ.ജയേഷ് കുമാർ.പി.കെ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലസാമൂഹ്യനീതി ഓഫീസ് കാസർഗോഡ് |

| | | | |
|---|---|---|---|
| 3 | ശ്രീ.ദീപു.എം.എൻ<br>സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് ആലപ്പുഴ | സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് കോഴിക്കോട് | ശ്രീ.രംഗരാജ്.ബി<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് ആലപ്പുഴ |

ശ്രീമതി.ജോയ്സി സ്റ്റീഫൻ സീനിയർ സൂപ്രണ്ട് നിലവിൽ നിർവഹിച്ച് വരുന്ന കാസർഗോഡ് വൃദ്ധസദനം DDO-യുടെ പൂർണ്ണ അധിക ചുമതല ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ കാസർഗോഡ് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I ശ്രീ.ബിജു.പി. നിർവഹിക്കേണ്ടതാണ്. കാസർഗോഡ് വൃദ്ധ സദനത്തിലെ താമസക്കാരുടെ ഭക്ഷണം , ആരോഗ്യം, ചികിത്സ തുടങ്ങി എല്ലാവിധ ദൈനംദിന കാര്യങ്ങളുടെയും പൂർണ്ണ അധിക ചുമതല ഇതേ കാര്യാലയത്തിലെ ശ്രീമതി.ഇ.എ.ആസ്യാമ്മ മേട്രൻ ഗ്രേഡ്-I നിർവഹിക്കേണ്ടതാണ്.

ഒരു വർഷക്കാലത്തെ യോഗ്യ സേവനക്കാലയളവിനുള്ളിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാർക്ക് പ്രവേശനകാലത്തിനോ, യാത്രബത്തക്കോ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ അനുവദനീയമായ യാത്ര സമയം മാത്രം ഉപയുക്തമാക്കാവുന്നതാണ്.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാരെ നിയന്ത്രണാധികാരികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ചുമതല ക്രമീകരിച്ച് നൽകിയ ജീവനക്കാർ ചുമതല ഏറ്റെടുക്കേണ്ടതുമാണ്. സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുകയും വിവരം രേഖാമൂലം ഈ കാര്യാലയങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എം.അഞ്ജന.ഐ.എ.എസ്

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ കേരള (എ&ഇ) തിരുവനന്തപുരം ആമുഖ കത്ത് സഹിതം
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്